പേരാമ്പ്ര ബ്ലോക്കിൽ നടപ്പാക്കുന്ന സുഭിക്ഷാപദ്ധതി

197 [1777] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബ്ലോക്കിൽ നടപ്പിലാക്കുന്ന സുഭിക്ഷാപദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമീണ റോഡുകൾ വികസിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ കാലവർഷത്തെ തുടർന്ന് എത്ര ഗ്രാമീണ റോഡുകൾ തകർന്നിട്ടുണ്ട്; ഇവ പുനർനിർമ്മിക്കാൻ ആവശ്യമായ എന്തു നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) ഇല്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ദേശീയ ഖാദി കമ്മീഷന്റെ സഹായത്തോടെ ഗ്രാമീണ തൊഴിൽ പദ്ധതി

198 [1778] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഖാദി ബോർഡ് ദേശീയ ഖാദി കമ്മീഷന്റെ സഹായത്തോടെ ഗ്രാമീണ തൊഴിൽ പദ്ധതിയിൽപ്പെടുത്തി വായ്പയായി എത്ര രൂപ വീതം എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിൽ സബ്സിഡിയായി ഉപഭോക്താവിന് എത്ര ശതമാനമാണ് ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) സബ്സിഡി ലഭിക്കാനുള്ള മാനദണ്ഡം വിശദമാക്കാമോ;

(ഡി) ഈ വായ്പ അനുവദിക്കുന്ന സമയത്ത് സബ്സിഡി ഓഫർ ചെയ്യുകയും പിന്നീട് സബ്സിഡി നൽകാതിരിക്കുകയും ചെയ്യുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമീണ തൊഴിൽ ദാന പദ്ധതി പ്രകാരം വായ്പ നൽകുന്നത് വിവിധ ധനകാര്യ സ്ഥാപനങ്ങളാണ്. ബോർഡിൽ നിന്നും 25% മുതൽ 30% വരെ മാർജിൻ മണി ഗ്രാന്റാണ് നൽകുന്നത്. മാർജിൻ മണി ഗ്രാന്റിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. †

(ബി) ജനറൽ കാറ്റഗറിയിൽപ്പെട്ട അപേക്ഷകർക്ക് പ്രോജക്ട് തുകയുടെ 25%-ഉം മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് (പട്ടികജാതി/പട്ടികവർഗ്ഗം, പിന്നോക്ക വിഭാഗങ്ങൾ, മതന്യൂനപക്ഷക്കാർ, സ്ത്രീകൾ, വിമുക്തഭടന്മാർ തുടങ്ങിയ) 30%-ഉം മാർജിൻ മണി ഗ്രാന്റായി നൽകുന്നു.

(സി) പഞ്ചായത്ത് പ്രദേശങ്ങളിൽ പുതുതായി ആരംഭിക്കുന്നതും പ്രോജക്ട് മുതൽ മുടക്കിന്റെ ഓരോ 50,000 രൂപയ്ക്കും ഒരാൾക്ക് തൊഴിലവസരം പ്രദാനം ചെയ്യുന്നതും ഖാദി കമ്മീഷൻ ഒഴിവാക്കിയിട്ടില്ലാത്തതുമായ വ്യവസായങ്ങൾക്ക് മാർജിൻ മണി ഗ്രാന്റ് ലഭിക്കുന്നതാണ്.

(ഡി) ഉണ്ട്. മാർജിൻ മണി പദ്ധതി പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ചിട്ടുള്ള അർഹതയുള്ള അപേക്ഷകർക്ക് മാർജിൻ മണി ഗ്രാന്റ് വിതരണം ചെയ്തിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നടപ്പാക്കിയിട്ടുള്ള 94 പ്രോജക്ടുകൾക്കും റൂറൽ ട്രാൻസ്പോർട്ട് വിഭാഗത്തിലുള്ള 58 പ്രോജക്ടുകൾക്കും ഖാദി കമ്മീഷന്റെ പ്രത്യേക അനുമതി ആവശ്യമായതിനാൽ ആയവ ഖാദി കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കമ്മീഷൻ അംഗീകരിച്ച് തുക ലഭ്യമാകുന്ന മുറയ്ക്ക് സബ്സിഡി നൽകുന്നതാണ്.

[ചോദ്യോത്തരങ്ങൾ കഴിഞ്ഞു.]

12-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത 1577, 1579, 1666, 1715, 1731, 1741 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly